നം.എ3/693/2019/പ്ര.പ.ക.

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## സ്വാശ്രയമെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനം–2018 ബി.പി.എൽ. സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു

06.06.2018 തീയതിയിലെ ജി.ഒ.(എംഎസ്) 107/2018/ആ.കു.വ., 19.07.2018 തീയതിയിലെ ജി.ഒ.(എംഎസ്) 138/2018/ആ.കു.വ, 19.08.2018 തീയതിയിലെ ജി.ഒ.(എം എസ്) 169/2018/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2017–18 അധ്യായന വർഷം മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനു പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസിളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വാർഷിക ഫീസിൽ നിന്നും 5 ലക്ഷം രൂപ വീതം സമാഹരിച്ചും മറ്റ് പല വിധത്തിൽ തുക സമാഹരിച്ചും നിക്ഷേപിക്കുന്നതിന് ഒരു സഞ്ചിത നിധി രൂപീകരിച്ചിട്ടുണ്ട്. സഞ്ചിത നിധിയുടെ ഭരണപരമായ ചുമതലയും നടത്തിപ്പും പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമാണ്. ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാകുന്ന ഫീസിളവ് പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ചില പ്രത്യേക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തയ്യാറാക്കി നൽകുന്ന വെയിറ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇത്തരത്തിൽ ഫീസിളവിന് അർഹരാകുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള വാർഷിക ട്യൂഷൻ ഫീസിന്റെ 10% തുക സ്വയം കണ്ടെത്തേണ്ടതും ബാക്കി ഫീസിന് തുല്യമായ തുക സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമാകുന്നതുമാണ്.

**2018–19** അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള അർഹരായ [പൂർണ്ണമായ ഫീസിളവിന് അർഹരായ *എസ്.സി/എസ്.റ്റി/ഒ.ഇ.സി/രജിസ്ട്രേഡ് മത്സ്യതൊഴിലാളിയുടെ മക്കൾ/ജി.ഒ. (എം.എസ്) നം.25/2005/എസ്.സി.എസ്.റ്റി.ഡിഡി, തീയതി 20.06.2005, ജി.ഒ (എം.എസ്) നം.10/2014/ബി.സി ഡി.ഡി, തീയതി 23.05.2014* എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളും ഒഴികെ] വിദ്യാർത്ഥികളിൽ നിന്നും ബി.പി.എൽ സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമയുടെ പ്രിന്റൗട്ട് അപേക്ഷകർ എടുത്ത് പൂരിപ്പിച്ച് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് **2019 മാർച്ച് 30 വൈകുന്നേരം 5 മണിക്കു** മുമ്പായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ച നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷകൾ കോളേജ് പ്രിൻസിപ്പാൾ പരിശോധിച്ച് ശിപാർശ ചെയ്ത് **2019 ഏപ്രിൽ 8 വൈകുന്നേരം 5 മണിക്കു** മുമ്പായി പ്രവേശന പരീക്ഷാകമ്മീഷണർക്ക് എത്തിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കും അർഹത നിർണ്ണയത്തിനുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അയച്ചു കൊടുക്കുന്നതാണ്. പരിശോധനയ്ക്കു ശേഷം ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലുള്ള വെയിറ്റേജ് മാർക്ക് പ്രസിദ്ധീകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. കോളേജ് പ്രിൻസിപ്പാൾ പരിശോധിച്ച് ശിപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഫീസിളവിനായി പരിഗണിക്കുകയുള്ളൂ. വിദ്യാർത്ഥികൾ നേരിട്ട് പ്രവേശന പരീക്ഷാകമ്മീഷണർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. നിശ്ചിത പ്രൊഫോർമയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
3. *എസ്.സി/എസ്.റ്റി/ഒ.ഇ.സി/രജിസ്ട്രേഡ് മത്സ്യതൊഴിലാളിയുടെ മക്കൾ/ജി.ഒ. (എം.എസ്) നം.25/2005/എസ്.സി.എസ്.ടി.ഡിഡി, തീയതി 20.06.2005, ജി.ഒ (എം.എസ്) നം.10/2014/ബി.സി ഡി.ഡി, തീയതി 23.05.2014* എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ/എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എന്നിവർക്ക് ഈ ഫീസിളവ് ബാധകമല്ല.

ഫീസിളവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
07.03.2019

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**